

അന്തരിച്ചു

സരസ്വതി

ഇരിയണ്ണി: പേരടുക്കം കണ്ണങ്കോൽ സരസ്വതി (68) അന്തരിച്ചു. ഭർത്താവ്: കെ കെ ഗോപാലൻ മണിയാണി. മക്കൾ: ബാലഗംഗാധരൻ, ജയപ്രകാശ്, സുധീർകുമാർ, ഗിരീഷ് കുമാർ. മരുമക്കൾ:സുജാത, സുമിത, ശോഭ.

മഞ്ചയ്യ ആചാര്യ

ഉപ്പള: പൈവളിക ബായിക്കട്ടയിലെ മഞ്ചയ്യ ആചാര്യ (72) അന്തരിച്ചു. മരപ്പണിക്കാരനും സി പി ഐ എ പ്രവർത്തകനുമാണ്. ഭാര്യ: മീനാക്ഷി. മക്കൾ: വേദാവതി, ഹേമലത, രവിചന്ദ്ര. മരുമക്കൾ: കേശവ, സഹോദരങ്ങൾ: ഈശ്വര, ലിങ്കപ്പ, രാമചന്ദ്ര, കൃഷ്ണയ്യ, രുഗ്മാവതി, വാരിജ.

സ്ത്രീ വീട്ടുകിണറ്റിൽ മരിച്ച നിലയിൽ

ഉപ്പള: സ്ത്രീയെ വീട്ടു കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. മജ്ബയൽ മാട്ടെമാറിലെ മുഹമ്മദിന്റെ ഭാര്യ സമീമ (51) യാണ് മരിച്ചത്.

ഇന്നലെ വൈകിട്ട് കിണർ പരിസരം വൃത്തിയാക്കുന്നതിനിടയിൽ അബദ്ധത്തിൽ വീഴുകയായിരുന്നു. സംഭവ സമയം വീട്ടിൽ ആരുമുണ്ടായിരുന്നില്ല. പിന്നീട് മക്കൾ എത്തി മാതാവിനെ കാണാത്തതിനെ തുടർന്ന് തിരച്ചിൽ നടത്തിയപ്പോഴാണ് കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ഭർത്താവ് മുഹമ്മദ് ഗൾഫിലാണ്.

അബ്ദുള്ള- ബീഫാത്തിമ ദമ്പതികളുടെ മകളാണ് സമീമ. റഹിയാന, ഹാജിറ, റാഷിദ് എന്നിവർ മക്കളും ഹനീഫ് മരുമകനുമാണ്. അഷ്റഫ്, ഹമീദ്, റസാഖ് എന്നിവർ സഹോദരങ്ങൾ.

ജീപ്പ് മറിഞ്ഞ് 2 പേർക്ക് പരിക്ക്

പാണത്തൂരിനടുത്ത് റോഡരികിലേക്കു മറിഞ്ഞ ജീപ്പ്

കാഞ്ഞങ്ങാട്: ജീപ്പ് മറിഞ്ഞ് പരിക്കേറ്റ നിലയിൽ ഡ്രൈവറടക്കം രണ്ടുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡ്രൈവർ റൂബിൻസ്(30) യാത്രക്കാരൻ മാധവൻ(45) എന്നിവർക്കാണ് പരിക്കേറ്റത്. പാണത്തൂരിൽ നിന്നു പാറക്കടവിലേയ്ക്ക് സർവ്വീസ് നടത്തുന്ന ജനകീയ ജീപ്പാണ് പാണത്തൂരിനടുത്ത് അപകടത്തിൽപ്പെട്ടത്.

മധൂർ പഞ്ചായത്ത് വികസന സെമിനാർ

മധൂർ: ഗ്രാമ പഞ്ചായത്ത് 202122 വികസന സെമിനാർ അടൽജി കമ്യൂണിറ്റി ഹാളിൽ പഞ്ചായത്ത് പ്രസിഡന്റ് കെ. ഗോപാല കൃഷ്ണ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വൈസ് പ്രസിഡന്റ് സ്മിജ വിനോദ് ആധ്യക്ഷം വഹിച്ചു. കരട് പദ്ധതി രേഖ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ രാധ കൃഷ്ണ സൂർളു വിശദീകരിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ യശോദ നായ്ക്, ഉമേഷ് ഗട്ടി, പഞ്ചായത്ത് അംഗങ്ങളായ, നസീറ, സി. ഉദയ കുമാർ, ഹനീഫ അറന്തോട്, എം. അബ്ദുൽ ജലീൽ, ഹബീബ് ചെട്ടുംകുഴി, സ്മിത സുധാകരൻ, ഉഷ സുരേഷ്, സൗമ്യ, രാധ കെ പച്ചക്കാട്, ടി. കെ. ജനനി, കെ. രതീഷ്, സി. എം. ബഷീർ, സി. എം. അമ്പിളി, സി. എച്ച് ഉദയ കുമാർ, സി ഡി എസ് ചെയർപേഴ്സൺ രേണുക തുടങ്ങിയർ പ്രസംഗിച്ചു.

അതിർത്തികളിലെ നിയന്ത്രണം: ഉത്തരവാദി സംസ്ഥാന സർക്കാർ: ബി ജെ പി

തലപ്പാടി: കോവിഡ് വ്യാപന ആശങ്കയെ തുടർന്നു കർണ്ണാടകയിലേക്കുള്ള യാത്രക്കു ആർ ടി പി സി ആർ ടെസ്റ്റ് കർശനമാക്കിയതുമൂലം ജില്ലയിലെ ജനങ്ങൾക്കു നേരിടേണ്ടിവരുന്ന വിഷമങ്ങൾക്കു കാരണം സംസ്ഥാന സർക്കാർ ആണെന്നു ബി ജെ പിയും പോഷക സംഘടനകളും ആരോപിച്ചു.

കോവിഡ് നിയന്ത്രണങ്ങളിൽ പൊടുന്നനേ വൻ ഇളവുകൾ അനുവദിച്ചതും കോവിഡ് പരിശോധനാ സംവിധാനം വേണ്ടത്ര ഏർപ്പെടുത്താത്തതുമാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു പ്രധാന കാരണമെന്നു ബി ജെ പി ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത്, മണ്ഡലം പ്രസിഡന്റ് കെ മണികണ്ഠറൈ, ഒ ബി സി മോർച്ച നേതാവ് നവീൻകുമാർ ആരോപിച്ചു.

മഞ്ചേശ്വരം താലൂക്കിൽ ഉപ്പളയിലെ താലൂക്കാശുപത്രിയിൽ മാത്രമാണ് ആർ ടി പി സി ടെസ്റ്റിനും ആന്റിജൻ ടെസ്റ്റിനും സൗകര്യമേർപ്പെടുത്തിയിട്ടുള്ളതെന്ന് അവർ കുറ്റപ്പെടുത്തി. ദിവസം പരമാവധി 150 പേർക്കു പരിശോധന നടത്താനുള്ള സാഹചര്യമേ ഇപ്പോഴവിടെ ഉള്ളൂ. എന്നാൽ ദിവസവും ശരാശരി മൂന്നൂറോളം പേർ പരിശോധനക്കെത്തുന്നു. ഇന്നലെ 133 പേരെ പരിശോധിച്ചു ബാക്കിവന്നവർക്കു ടോക്കൺ നൽകിവിടുകയായിരുന്നു. ഒരാൾക്ക് ഏറ്റവും കുറഞ്ഞതു 15 മിനിറ്റ് ആർ ടി പി സി ടെസ്റ്റിനു വേണ്ടി വരുന്നു.

അതേ സമയം കർണ്ണാടക അതിർത്തിയിൽ ഈ പരിശോധനക്കു പ്രത്യേക സംവിധാനം കർണ്ണാടക സർക്കാർ ഏർപ്പെടുത്തി. കർണ്ണാടകയിലേക്കു പോകാൻ എത്തുന്നവരുടെ സ്രവം എടുത്തു വെൻലോക്ക് ആശുപത്രിയിൽ എത്തിക്കുകയും പരിശോധനാ ഫലം പോസിറ്റീവാണെങ്കിൽ വിവരം ഉടൻ അറിയിക്കുകയുമാണ് പരിപാടി. നെഗറ്റീവാണെങ്കിൽ മൊബൈലിൽ മെസേജയക്കും.

ഇന്നും ഇന്നലെയും ടോക്കണുമായി മടങ്ങിയവരുൾപ്പെടെ മൂന്നൂറോളം പേർ മംഗൽപ്പാടി താലൂക്കാശുപത്രിയിൽ പരിശോധനക്കെത്തി കാത്തുനിൽക്കുന്നു. കോവിഡ് പ്രകടമായി ഒരു വർഷമായിട്ടും വേണ്ടത്ര പരിശോധനാ സൗകര്യമേർപ്പെടുത്താത്തതു ജില്ലയോടുള്ള സർക്കാരിന്റെ അവഗണനയാണെന്ന് അറിയിപ്പുകളിൽ അവർ പറഞ്ഞു.

ഇടത് സർക്കാരിന്റെ കടൽ കരാറിനെതിരെ മുസ്ലിം ലീഗ് കാസർകോട് മുനിസിപ്പൽ കമ്മിറ്റി സംഘടിപ്പിച്ച തീരദേശ പ്രതിഷേധ സംഗമം ജില്ലാ ജനറൽ സെക്രട്ടറി എ.അബ്ദുൾ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

കടൽ കരാറിനെതിരെ മുസ്‌ലിം ലീഗ് തീരദേശത്ത് പ്രതിഷേധം സംഘടിപ്പിച്ചു

കാസർകോട്: കേരളത്തിന്റെ കടൽ സമ്പത്ത് അമേരിക്കൻ കമ്പനികൾക്ക് തീറെഴുതാനുള്ള ഇടതു സർക്കാറിന്റെ വഴിവിട്ട നീക്കത്തിനെതിരെയും ആഴക്കടൽ മത്സ്യ ബന്ധത്തിനായി അമേരിക്കൻ കമ്പനിയായ ഇ.എം.സി.സിക്ക് നൽകിയ കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ടും മുസ്‌ലിംലീഗ് കാസർകോട് മുനിസിപ്പൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നെല്ലിക്കുന്ന് കടപ്പുറത്ത് പ്രതിഷേധ സംഗമം നടത്തി.മുസ്‌ലിം ലീഗ് ജില്ല ജനറൽ സെക്രട്ടറി എ. അബ്ദുൽറഹ്മാൻ ഉദ്ഘാടനം ചെയ്തു മുനിസിപ്പൽ പ്രസിഡന്റ് കെ. എം. ബഷീർ ആധ്യക്ഷം വഹിച്ചു. ഖാലിദ് സ്വാഗതം പറഞ്ഞു. എ എം കടവത്ത്, അബ്ദുല്ല കുഞ്ഞി, മുനിസിപ്പൽ ചെയർമാൻ വി എം മുനീർ, അബ്ബാസ് ബീഗം, മുഹമ്മദ് കുഞ്ഞി, അഷ്റഫ് എടനീർ, എ എ അസീസ്, കെ എം അബ്ദുൽ റഹിമാൻ, ഹകീം അജ്മൽ, അഷ്ഫാഖ് അബൂബക്കർ, ഫിറോസ്, ബീഫാത്തിമ ഇബ്രാഹിം, ഷംസീദ ഫിറോസ്, ജി നാരായണൻ, വിജയൻ, റീത്ത ആർ, സിയാന ഹനീഫ്, സഹീർ ആസിഫ്, മുത്തലിബ്, അനസ്, ബഷീർ, ബഷീർ, അബൂബക്കർ ഹാജി, അഹമ്മദ് കുട്ടി, എൻ ഇ അബ്ദുൽ റഹിമാൻ, വി എസ്അബ്ദുള്ള, അബ്ദുൽ ഖാദർ, അബ്ദുൽ ഖാദർ സഅദി, ടി ഇ മുക്താർ, ബി എസ്.അബ്ദുല്ല, മുസമ്മിൽ, എൻ അബ്ദുല്ല, ബി എം സി ബഷീർ, സിദ്ദീഖ് ചക്കര, മുഹമ്മദ് കഞ്ഞി, യാസീൻ അബ്ദുല്ല, മുഷ്ത്താഖ്, കുഞ്ഞിമൊയ്ദീൻ, സക്കരിയ, ബി എസ് സൈനുദ്ദീൻ, കമറുദ്ദീൻ, ഹനീഫ, ടി കെ അഷ്റഫ്, ഇക്ബാൽ, സമീറ റസ്സാക്, അസ്മ മുഹമ്മദ്, സഫിയ മൊയ്ദീൻ, സുമയ്യ മൊയ്ദീൻ, ആഫില ബഷീർ, ലത്തീഫ്, കെ എച്ച് അഷ്റഫ്, നൈമുന്നിസ, റംസീന, മുനീർ തുടങ്ങിയവർ പങ്കെടുത്തു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4385
പവന്: 35080
CITY GOLD™ GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

കാർഷിക ആവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റുകളുടെ വിതരണം

കാസർകോട്: കാർഷിക ആവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റുകൾ ഫെബ്രുവരി 24, 25, 26 തീയ്യതികളിൽ വിവിധ കേന്ദ്രങ്ങളിൽ രാവിലെ 11 മുതൽ ഉച്ചയ്ക്ക് രണ്ട് വരെ വിതരണം ചെയ്യും. പെർമിറ്റ് ഉടമകൾ റേഷൻ കാർഡ്, ആധാർ കാർഡിന്റെ കോപ്പി, കൃഷിഭവനിൽ നിന്ന് ലഭിച്ച റേഷൻ പെർമിറ്റിന്റെ വിലയായ 50 രൂപ എന്നിവ സഹിതം അതത് കേന്ദ്രങ്ങളിലെത്തി പെർമിറ്റ് കൈപ്പറ്റണം.

ഫെബ്രുവരി 24 ന് കാറഡുക്ക, ബെള്ളൂർ, ചെങ്കള, മുളിയാർ കൃഷിഭവനുകളിലും 25 ന് ചെമ്മനാട്, ബദിയഡുക്ക, ദേലമ്പാടി, മധൂർ കൃഷിഭവനുകളിലും 26 ന് കുമ്പഡാജെ, കുറ്റിക്കോൽ, ബേഡഡുക്ക എന്നീ കൃഷിഭവനുകളിലും മൊഗ്രാൽ പുത്തൂർ, കാസർകോട് നഗരഭ എന്നിവിടങ്ങളിലെ കർഷകർക്ക് കാസർകോട് താലൂക്ക് സപ്ലൈ ഓഫീസിലും പെർമിറ്റ് വിതരണം ചെയ്യും.

ഇന്ധന-പാചകവാതക വില വർധനവിനെതിരെ വനിതാ ലീഗ് കാസർകോട് മണ്ഡലം കമ്മിറ്റി ഹെഡ് പോസ്റ്റ് ഓഫീസിന് മുമ്പിൽ നടത്തിയ അടുപ്പ് കൂട്ടി സമരം മണ്ഡലം മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി അബ്ദുല്ല കുഞ്ഞി ചെർക്കള ഉദ്ഘാടനം ചെയ്യുന്നു

വില വർധനവിനെതിരെ വനിതാ ലീഗ് അടുപ്പ് കൂട്ടി സമരം നടത്തി

കാസർകോട്: ഇന്ധന-പാചകവാതക വില വർധനവിനെതിരെ വനിതാ ലീഗ് കാസർകോട് മണ്ഡലം കമ്മിറ്റി ഹെഡ് പോസ്റ്റ് ഓഫീസിന് മുമ്പിൽ അടുപ്പ് കൂട്ടി സമരം നടത്തി.

മണ്ഡലം മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി അബ്ദുല്ല കുഞ്ഞി ചെർക്കള പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഷക്കീലാ മജീദ് ആധ്യക്ഷം വഹിച്ചു. സാഹിറ മജീദ് സ്വാഗതം പറഞ്ഞു. ബീഫാത്തിമ ഇബ്രാഹിം, സിയാന ഹനീഫ് നന്ദി പറഞ്ഞു. നജ്മ, നഗരസഭ വൈസ്ചെയർപേഴ്സൺ സംശീദ ഫിറോസ്, കൗൺസിലർമാരായ റീത്തരാജു, അഫില, സഫിയ മൊയ്തീൻ, സുമയ്യ മൊയ്തീൻ, അസ്മ മുഹമ്മദ്, സമീറ റസാഖ്, നൈമുന്നിസ, ശാഹിദ യൂസഫ്, സാഹിറ മുഹമ്മദ്, ആയിശ ഇബ്രാഹീം, തസ്നി എന്നിവർ പ്രസംഗിച്ചു.

പ്ലസ്ടു വിദ്യാർത്ഥിനിയുടെ കൊല; പിതൃസഹോദരൻ തൂങ്ങി മരിച്ച നിലയിൽ

ഇടുക്കി: പള്ളിവാസൽ പവർ ഹൗസിനു സമീപത്തു പ്ലസ്ടു വിദ്യാർത്ഥിനിയെ കുത്തിക്കൊന്ന പ്രതിയെന്നു സംശയിക്കുന്ന പിതൃ സഹോദരനെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. അരുൺ എന്ന ആളെയാണ് ഇന്നു രാവിലെ കൊലപാതകം നടന്ന സ്ഥലത്തു നിന്നും മാറി പുഴയോരത്തെ മാവിൻ കൊമ്പിൽ തൂങ്ങിയ നിലയിൽ കാണപ്പെട്ടത്.അഞ്ചു ദിവസം മുമ്പാണ് അരുണിന്റെ സഹോദരന്റെ മകളായ പെൺകുട്ടി കൊല്ലപ്പെട്ടത്. സംഭവത്തിനു ശേഷം അരുണിനെ കാണാതായിരുന്നു. പെൺകുട്ടിയും അരുണും ഒന്നിച്ചു നടന്നു പോകുന്ന ദൃശ്യങ്ങൾ പള്ളിവാസൽ പവർ ഹൗസിനു സമീപത്തെ സി സി ടി വി ക്യാമറകളിലെ ദൃശ്യങ്ങളിൽ നിന്നു വ്യക്തമായിരുന്നു. പ്രണയ നൈരാശ്യമാണ് കൊലപാതകത്തിനു പിന്നിലെന്നു സൂചിപ്പിക്കുന്ന കുറിപ്പ് അരുണിന്റെ വീട്ടിൽ നിന്നു കണ്ടെടുത്തിരുന്നു.

മികച്ച യുവ ജനസംഘടനയ്ക്കുള്ള ജില്ലാ യൂത്ത് ക്ലബ്ബ് അവാർഡ് ആസ്ക് പ്രതിനിധികൾ ഏറ്റുവാങ്ങുന്നു

മുസ്ലിം ലീഗ് യോഗം 26 ന്

കാസർകോട്: മുസ്‌ലിം ലീഗ് കാസർകോട് നിയോജക മണ്ഡലം പ്രവർത്തക സമിതി അംഗങ്ങളുടെയും, മുൻസിപ്പൽ /പഞ്ചായത്ത് പ്രസിഡന്റ് ജനറൽ സെക്രട്ടറിമാരുടെയും യോഗം 26ന് ഉച്ചക്ക് 2:30 ന് ജില്ലാ മുസ്ലിം ലീഗ് ഓഫീസിന് മുൻവശമുള്ള വി.പി.ടവറിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി അബ്ദുല്ല കുഞ്ഞി ചെർക്കള അറിയിച്ചു.

പി.ഡി.പി പദയാത്ര 25ന്

ഉദുമ: നീതിക്ക് വേണ്ടി ജനകീയ ഐക്യപ്പെടൽ, മലയാളനാട് മഅ്ദനിക്കൊപ്പം എന്ന മുദ്രാവാക്യം ഉന്നയിച്ച് സംസ്ഥാന വ്യാപകമായി പി ഡി പി സംഘടിപ്പിക്കുന്ന പദയാത്രയുടെ ഭാഗമായി ഉദുമ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള പദയാത്ര 25ന് രാവിലെ 9.30 മണിക്ക് പൂച്ചക്കാട് നിന്നും ആരംഭിക്കുമെന്ന് പിഡി.പി ഉദുമ മണ്ഡലം പ്രസിഡന്റ് ഉസ്മാൻ, മണ്ഡലം സെക്രട്ടറി ഇബ്രാഹിം എന്നിവർ അറിയിച്ചു. പള്ളിക്കര, ബേക്കൽ ജംഗ്ഷൻ, പാലക്കുന്ന്, ഉദുമ, കളനാട് തുടങ്ങിയ സ്ഥലങ്ങളിലെ സ്വീകരണത്തിന് ശേഷം പദയാത്ര വൈകുന്നേരം 5 മണിക്ക് മേൽപ്പറമ്പിൽ സമാപിക്കും.

സെമിനാർ നാളെ

വെള്ളരിക്കുണ്ട്: കാസർകോട് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെയും കെ. ആർ. എം. യു. ജില്ലാ കമ്മറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികൾക്ക് എതിരായുള്ള അതിക്രമങ്ങളും നിയമ സംരക്ഷണവും എന്ന വിഷയത്തിൽ ബോധവൽകരണ സെമിനാർ സംഘടിപ്പിക്കും. നാളെ വെള്ളരിക്കുണ്ട് വീനസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സെമിനാർ സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം പി. പി. ശ്യാമള ദേവി ഉദ്ഘാടനം ചെയ്യും.

യൂത്ത് ക്ലബ്ബ് അവാർഡ് ആസ്ക് ഏറ്റുവാങ്ങി

വിദ്യാനഗർ: ജില്ലയിലെ എറ്റവും മികച്ച ക്ലബ്ബിന് നെഹ്റു യുവ കേന്ദ്ര നൽകുന്ന ജില്ലാ യൂത്ത് ക്ലബ്ബ് അവാർഡ്, എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ആസ്ക് ആലംപാടിക്കു സമ്മാനിച്ചു. സിദ്ധീഖ്.എം, ഗപ്പു, സലാം എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. കഴിഞ്ഞ വർഷം നൽകേണ്ട അവാർഡ് കോവിഡ് പശ്ചാത്തലത്തിൽ മാറ്റി വെക്കുകയായിരുന്നു. കലക്ട്രേറ്റ് കോൺഫ്രൻസ് ഹാളിൽ നടന്ന കൺവെൻഷനിൽ സിറോഷ് പി ജോൺ ആധ്യക്ഷം വഹിച്ചു, അഭയ് ശങ്കർ, മൈമൂനത്ത് തസ്രീഫ പ്രസംഗിച്ചു.

പുലിക്കുന്ന് ശ്രീ ഐവർ ഭഗവതി ക്ഷേത്ര നടോതി ഉത്സവത്തിന്റെ ഭാഗമായി നടന്ന ഭണ്ഡാര എഴുന്നള്ളത്ത്.

എസ് ഐമാരായ അജിത്ത്കുമാറിനും സന്തോഷിനും മെൽവിനും മുകുന്ദനും സ്ഥാനക്കയറ്റം

ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം ലഭിച്ച ജില്ലയിലെ പൊലീസുകാർ

കാസർകോട്: കാസർകോട് ജില്ലക്കാരായ നാലു എസ് ഐമാർക്ക് ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം ലഭിച്ചു.

നീലേശ്വരം, ബങ്കളം സ്വദേശിയും നേരത്തെ കാസർകോട്, ബേക്കൽ സ്റ്റേഷനുകളിൽ പ്രിൻസിപ്പൽ എസ് ഐയുമായിരുന്ന പി അജിത്ത്കുമാറിനെ പ്രമോഷൻ നൽകി പൊന്നാനി ടൗൺ സ്റ്റേഷനിൽ നിയമിച്ചു. നിലവിൽ പിണറായി എസ് ഐ ആയിരുന്നു. നേരത്തെ കുമ്പള, ബദിയഡുക്ക, ഹൊസ്ദുർഗ്ഗ് എസ് ഐ ആയിരുന്ന എണ്ണപ്പാറ, തായന്നൂർ സ്വദേശി എ സന്തോഷ്കുമാറിനെ കണ്ണൂർ ക്രൈംബ്രാഞ്ചിൽ നിയമിച്ചു. നിലവിൽ ഫറൂഖ് എസ് ഐ ആണ്. ചെറുവത്തൂർ സ്വദേശിയും നേരത്തെ ബേഡകം, അമ്പലത്തറ, ഹൊസ്ദുർഗ്ഗ് എസ് ഐയുമായിരുന്ന പി കെ മുകുന്ദനെ മാനന്തവാടി ടൗണിലും നിയമിച്ചു. ചിറ്റാരിക്കൽ മണ്ഡപം സ്വദേശിയായ മെൽവിൻ ജോസിനെ കണ്ണൂർ സൈബർ സെല്ലിലും നിയമിച്ചു. ഇദ്ദേഹം നേരത്തെ ബദിയഡുക്ക, വിദ്യാനഗർ, ചന്തേര സ്റ്റേഷനുകളിൽ എസ് ഐ ആയിരുന്നു. 2014 ബാച്ചിലെ എസ് ഐമാരാണ് നാലു പേരും

കബഡിതാരം റഷീദിന്റെ വേർപാടിൽ അനുശോചിച്ചു

പാലക്കുന്ന്: ദുബായിൽ അസുഖം മൂലം മരണപ്പെട്ട കുതിരക്കോട് സംഘചേതന കബഡി ടീം അംഗം മുദിയക്കാലിലെ റഷീദിനു നാടിന്റെ അന്ത്യാഞ്ജലി. പള്ളിക്കര പഞ്ചായത്ത് പ്രസിഡണ്ട് എം കുമാരന്റെ അധ്യക്ഷതയിൽ മുദിയക്കാലിൽ നടന്ന അനുശോചനയോഗത്തിൽ നിരവധി പേർ പങ്കെടുത്തു. മുൻ എം എൽ എ കെ വി കുഞ്ഞിരാമൻ, പഞ്ചായത്തംഗങ്ങളായ മണികണ്ഠൻ, പുഷ്പാവതി, വിജിലൻസ് ഡി വൈ എസ് പി ഡോ. വി ബാലകൃഷ്ണൻ, ബാലൻ കുതിരക്കോട്, വി ആർ ഗംഗാധരൻ ജതിൻ കെ ടി, രാജീവ് ഷാഫി പട്ള, അനൂപ്, അശോകൻ, വേണു കമ്പിക്കാനം, ബഷീർ കോട്ടപ്പാറസ കുഞ്ഞിരാമൻ മുദിയക്കാൽ, കൃഷ്ണപ്രിയോഷ്, വിവിധ ക്ലബ്ബ് ഭാരവാഹികൾ, സുഹൃത്തുക്കൾ, സഹപാഠികൾ തുടങ്ങിയവർ സംസാരിച്ചു.

നാനോ സെന്റർ: കേരള കേന്ദ്ര സർവ്വകലാശാലക്ക് 85 ലക്ഷം രൂപ നൽകി കേന്ദ്ര സർക്കാർ

പെരിയ: കേരള കേന്ദ്ര സർവ്വകലാശാലയിൽ ഫിസിക്സ് വകുപ്പിന് കീഴിൽ നാനോ സെന്റർ സ്ഥാപിക്കുന്നതിന് 85 ലക്ഷം രൂപ കേന്ദ്ര സർക്കാർ കൈമാറി.

അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് പദ്ധതിക്ക് തുക നൽകിയത്. മൂന്ന് കോടിയുടേതാണ് പദ്ധതി. ഇതിൽ ആദ്യ ഗഡുവാണ് ഇപ്പോൾ കൈമാറിയത്. നാനോ ഇലക്ട്രോണിക് ഉപകരണങ്ങൾ, വൈറസ് ജന്യ രോഗങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനം തുടങ്ങിയവ ഉൾപ്പെടുന്നതാണ് പദ്ധതി. ഫിസിക്സ് വകുപ്പ് മേധാവി ഡോ.സ്വപ്ന എസ്.നായരാണ് പദ്ധതിയുടെ കോർഡിനേറ്റർ. ഫിസിക്സിലെ മറ്റ് അധ്യാപകരും പദ്ധതിയുടെ ഭാഗമാണ്.

നാനോ സെന്റർ സംബന്ധിച്ചുള്ള കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഉത്തരവിന്റെ കോപ്പി വൈസ് ചാൻസലർ പ്രൊഫ. എച്ച്.വെങ്കടേശ്വർലു ഡോ.സ്വപ്ന എസ്.നായർക്ക് കൈമാറുന്നു

ജില്ലയിലെ പ്രശ്നബാധിത, ക്രിട്ടിക്കൽ ബൂത്തുകളിൽ സ്പെഷ്യൽ സ്ക്വാഡ് പരിശോധന തുടങ്ങി

കാസർകോട്: ജില്ലയിലെ 43 ക്രിട്ടിക്കൽ ബൂത്തുകളിലും 45 വൾനറബിൾ ലൊക്കേഷനുകളിലും ഇന്ന് മുതൽ സ്പെഷ്യൽ സ്ക്വാഡിന്റെ പരിശോധന ആരംഭിക്കുമെന്ന് ജില്ലാ കളക്ടർ ഡി. സജിത് ബാബു പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ആധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു കളക്ടർ. പൊലീസ്, റവന്യൂ, എക്സൈസ് എന്നിവരടങ്ങുന്ന സ്പെഷ്യൽ സ്ക്വാഡാണ് പരിശോധിക്കുക. ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ പരിശോധന കർശനമാക്കും. തിരഞ്ഞെടുപ്പ് പ്രഖ്യാപന തീയ്യതി മുതൽ ജില്ലയിലെ 17 എക്സിറ്റ് - എൻട്രി പോയിന്റുകളിലും പരിശോധനയ്ക്കായി സ്പെഷ്യൽ സ്ക്വാഡിനെ നിയമിക്കും.

കോളനികൾ, പ്രശ്ന സാധ്യതാ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പണം, മദ്യം, ലഹരി വസ്തുക്കൾ എന്നിവ വിതരണം ചെയ്ത് തിരഞ്ഞെടുപ്പിൽ സ്വാധീനിക്കാൻ ഇടയുള്ളതിനാൽ പരിശോധനയ്ക്കായി പ്രത്യേക സംഘത്തെ നിയമിക്കും. തിരഞ്ഞെടുപ്പ് പ്രഖ്യാപന തീയ്യതി മുതൽ കടലിൽ പട്രോളിങ് നടത്തുന്നതിന് കോസ്റ്റൽ പൊലീസിനെ ചുമതലപ്പെടുത്തി. തിരഞ്ഞെടുപ്പ് വിജ്ഞാപനം വരുന്ന ദിവസം തന്നെ കളക്ടറേറ്റിൽ കൺട്രോൾ റൂം തുറക്കും. 1950 ൽ വിളിച്ച് കൺട്രോൾ റൂമുമായി ബന്ധപ്പെടാവുന്നതാണ്.

യോഗത്തിൽ ജില്ലാ പൊലീസ് മേധാവി പി ബി രാജീവ്, സബ് കളക്ടർ ഡി ആർ മേഘശ്രീ, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ സൈമൺ ഫെർണാണ്ടസ്, കാഞ്ഞങ്ങാട് ഡി വൈ എസ് പി സജീഷ് വാഴവളപ്പിൽ, കാസർകോട് ഡി വൈ എസ് പി ഡി സി ആർ ബി ജെയിസൺ കെ അബ്രഹാം, കാസർകോട് ആർ ഡി ഒ ഷാജു പി തുടങ്ങിയവർ പങ്കെടുത്തു.

ധർണ്ണാ സമരം 26 ന്

കാഞ്ഞങ്ങാട്: കാസർകോട്, കണ്ണൂർ ജില്ലകളിലെ പട്ടിക വർഗ വിഭാഗങ്ങളായ മാവിലൻ, മലവേട്ടുവ സമുദായ തെയ്യം അനുഷ്ഠാന നർത്തകർ, കാവുകാർ, മറ്റ് ആചാര കർമ്മികൾ തുടങ്ങിയവരെ വേർതിരിച്ച് അനുകൂല്യങ്ങളും മറ്റും നിഷേധിക്കുന്നതിൽ പ്രതിഷേധിച്ച്ഉത്തര മലബാർ മാവിലൻ തെയ്യം അനുഷ്ഠാന സംഘം 26 ന് ധർണ്ണാ സമരം നടത്തും. നീലേശ്വരം ദേവസ്വം ബോർഡ് ഓഫീസിന് മുന്നിൽ നടത്തുന്ന സമരം മുൻ എംഎൽഎ എം നാരായണൻ ഉൽഘാടനം ചെയ്യും. ജില്ലാ പ്രസിഡണ്ട് സുനിൽ കുമാർ അധ്യക്ഷനാകും.

മർദ്ദനം: കേസെടുത്തു

കുമ്പള: പതിനേഴുകാരനെ തടഞ്ഞ് നിർത്തി മർദ്ദിച്ചതിന് യുവാവിനെതിരെ കേസെടുത്തു.

കോയിപ്പാടി ജലീൽ അബൂബക്കറിനെതിരെയാണ് കുമ്പള പൊലീസ് കേസെടുത്തത്. ഇന്നലെ വൈകിട്ട് കോയിപ്പാടി കടപ്പുറത്ത് വെച്ചാണ് സംഭവം.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ-പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

വീടും സ്ഥലവും വിൽപ്പനയ്ക്ക്
കുമ്പള, കുണ്ടങ്കേരടുക്കയിൽ സർക്കാർ ആശുപത്രിക്കും പള്ളിക്കും സമീപം റോഡരികിൽ 2000 സ്ക്വയർഫീറ്റിന് മുകളിലുള്ള കോൺക്രീറ്റ് വീട്, ബോർവെൽ, 11 തെങ്ങ്, മറ്റു ഫലവൃക്ഷങ്ങൾ ഉള്ള 24 സെന്റ് സ്ഥലം വിൽപ്പനയ്ക്ക്.
ബന്ധപ്പെടുക
9048217021

Vol -28, Issue No -41 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com